(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക നയം രൂപീകരിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്നു വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ കാർഷികനയ രൂപീകരണത്തിന് സമിതി രൂപീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സർക്കാരിന്റെ കാർഷികനയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കാർഷികമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള കാർഷികനയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി)&(സി) പുതിയ കാർഷികനയം രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുവാൻ ഡോ. എം. എസ്. സ്വാമിനാഥൻ ചെയർമാനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ഡി)& (ഇ) ഡോ.സ്വാമിനാഥൻ സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അധികം താമസിയാതെ കാർഷികനയം പ്രഖ്യാപിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

11 (*71) ദേശസാൽകൃത ബാങ്കുകളിലെ നിക്ഷേപ വായ്പാ അനുപാതം

ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ.എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിലെ 1998-99-ലെ നിക്ഷേപ വായ്പാനുപാതം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) വായ്പാനുപാതം വർദ്ധിപ്പിക്കണമെന്ന് ഈ ബാങ്കുകളോടാവശ്യപ്പെട്ടിട്ടുണ്ടോ;

(സി) അർഹതപ്പെട്ട വായ്പാ അപേക്ഷകർ പലതും ഇത്തരം ബാങ്കുകൾ പരിഗണിക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1998 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച് ദേശസാൽകൃത ബാങ്കുകളിലെ നിക്ഷേപ വായ്പാ അനുപാതം 39 ശതമാനമാണ്. (ബാങ്കിംഗ് സ്റ്റാറ്റിസ്റ്റിക്സ് അനുബന്ധം 'എ' ആയി വച്ചിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) വായ്പകൾ പലതും ഇത്തരം ബാങ്കുകൾ പരിഗണിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ബാങ്കുകൾ വായ്പാപേക്ഷ നിരസിക്കുമ്പോൾ അതിനുള്ള കാരണം കാണിക്കേണ്ടതാണെന്ന് നിയമസഭയുടെ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിൻമേൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വായ്പകൾ നൽകുന്ന കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് റിസർവ്വ് ബാങ്ക് മുഖേന ബാങ്കുകൾക്ക് ഇതിനകം നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്.

12 (*72) വ്യാജവാറ്റും കള്ളച്ചാരായ വില്പനയും

ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജവാറ്റും കള്ളച്ചാരായ വില്പനയും നടത്തുന്നതിനെതിരെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ ഈ രംഗത്തുള്ള പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ടോ; കാര്യക്ഷമമായി പ്രവർത്തിക്കാത്ത എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പല സ്ഥലങ്ങളിലും എക്സൈസ് ഉദ്യോഗസ്ഥരുടെ അറിവും സമ്മതത്തോടുംകൂടിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചാരായ നിരോധനം ഏർപ്പെടുത്തിയശേഷം സംസ്ഥാനത്ത് എത്ര വ്യാജമദ്യമരണം റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) വ്യാജവാറ്റ് തടയുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക കൺട്രോൾ റൂം ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ;

(എഫ്) വ്യാജവാറ്റ് സംബന്ധിച്ച കേസുകളിൽപ്പെടുന്നവർക്ക് പരമാവധി ശിക്ഷ നൽകാൻ വ്യവസ്ഥ ചെയ്യുമോ;

(ജി) വ്യാജവാറ്റ് സംബന്ധിച്ച് 1997-98-ലും 1998-99-ലും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) വ്യാജവാറ്റും കള്ളച്ചാരായ വില്പനയും തടയുന്നതിന് ശക്തമായ റെയ്ഡുകളും പരിശോധനയും നടത്തി വരുന്നുണ്ട്. എല്ലാ അബ്കാരി ഷോപ്പുകളും പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. വ്യാജമദ്യവും വാറ്റുപകരണങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കുന്നുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള പിഴശിക്ഷ ഒരു ലക്ഷം രൂപയായും തടവുശിക്ഷ പരമാവധി പത്തുവർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, റവന്യൂ എന്നീ വകുപ്പുക

LIBRARY ARCHIVES Kerala Legislative Assembly